വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കഴിഞ്ഞ ദിവസം സ്വകാര്യകോളേജിലെ അനദ്ധ്യാപക ജീവനക്കാരുമായി ചർച്ച നടത്തി. അവരുടെ പ്രധാനപ്പെട്ട ഒരാവശ്യം, കുട്ടികളുടെ എണ്ണം എന്നുള്ളത് വിട്ടിട്ട് പി.ഡി.സി.ക്ക് ധാരാളം വിദ്യാർത്ഥികളുണ്ടായിരുന്നു, അവർ പോയി കഴിഞ്ഞപ്പോൾ അവരുടെ തസ്തികകളുടെ എണ്ണം കുറയുമെന്ന ഒരു സംശയമുണ്ടായി. അതുകൊണ്ട് വിദ്യാർത്ഥികളുടെ എണ്ണമല്ല മറിച്ച് കോഴ്സുകളുടെ എണ്ണം അതായിരിക്കണം സ്റ്റാഫ് പാറ്റേണിന്റെ മാനദണ്ഡം എന്നതാണ്. അത് ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട കാര്യങ്ങളിലെല്ലാം അവരുമായിട്ട് ചർച്ച ചെയ്തു. അതാണ് അവർ സമരം പിൻവലിച്ചത്, അതുകൊണ്ട് ആ കാര്യത്തിൽ ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(15) കൊന്നത്തടി-വെള്ളത്തൂവൽ റോഡിന്റെയും പാലത്തിന്റെയും പണി

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കൊന്നത്തടി-വെള്ളത്തൂവൽ റോഡിന്റെയും പാലത്തിന്റെയും ജോലികൾ ആരംഭിക്കാത്തതുമൂലം ഉളവായിട്ടുള്ള പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നത്. ഇടുക്കി പവർ ഹൗസിലേക്ക് പോകുന്ന ബെൻസ്റ്റോക്ക് പൈപ്പിനു മുകളിലൂടെയാണ് പാലം നിർമ്മിക്കേണ്ടത്. ബെൻസ്റ്റോക്ക് പൈപ്പിന് കേട് സംഭവിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് പാലത്തിന്റെ നിർമ്മാണം ഇലക്ട്രിസിറ്റി ബോർഡിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിലപാടാണ് പൊതുമരാമത്ത് വകുപ്പ് തുടക്കത്തിൽ സ്വീകരിച്ചത്. ഇലക്ട്രിസിറ്റി ബോർഡ് യോജിക്കാത്ത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി. നേരിട്ട് ജോലി ചെയ്യാൻ തയ്യാറായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൊന്നത്തടി-വെള്ളത്തൂവൽ റോഡിന്റെ പണി മുടങ്ങിക്കിടക്കുകയായിരുന്നു. പേരു വയ്ക്കാത്ത ഒരു പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് നിലവിലുള്ളതുകൊണ്ടാണ് റോഡ് നിർമ്മാണം മുടങ്ങിക്കിടക്കുന്നത്. ചീഫ് എൻജിനീയർ വിളിച്ചുകൂട്ടിയ കോൺഫറൻസിൽ വച്ച് റോഡിന്റെ നിർമ്മാണം സോയിലിംഗ് മെറ്റലിംഗ് ഉൾപ്പെടെയുള്ള പണികൾ ഭാഗികമായി ആരംഭിക്കുകയുണ്ടായി. ജോലി തുടർന്ന് നടത്താൻ തയ്യാറാകാത്ത സാഹചര്യത്തിൽ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്തതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. റോഡിന്റെ ടാറിംഗും പാലത്തിന്റെ നിർമ്മാണവുമാണ് മുടങ്ങിക്കിടക്കുന്നത്. ഈ ജോലികൾ ഏറ്റവും വേഗത്തിൽ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കൊന്നത്തടി-വെള്ളത്തൂവൽ റോഡ് വില്ലേജ് റോഡ് വിഭാഗത്തിലാണ് പെടുത്തിയിട്ടുള്ളത്. നേരത്തെ ബഡ്ജറ്റിൽ വില്ലേജ് റോഡ് വിഭാഗത്തിൽ പ്രസ്തുത റോഡ് ഉൾപ്പെടുത്തിയിരുന്നതിനാൽ പാലത്തിന്റെയും റോഡിന്റെയും പണികൾ ഏറ്റെടുത്തിരുന്നു. ഇതിൽ ടാറിംഗ് ഒഴികെ ബാക്കി പണികളെല്ലാം പൂർത്തിയായിക്കഴിഞ്ഞു. എന്നാൽ ബെൻറുസ്റ്റോക്കിന്റെ മുകളിൽക്കൂടി പാലം പണിയുന്നതുകൊണ്ട് കെ.എസ്.ഇ.ബി. തടസ്സമുന്നയിച്ചതുമൂലം പാലം പണി ഏറ്റെടുക്കാൻ സാധിച്ചില്ല. ഇപ്പോൾ ആ തടസ്സം നീങ്ങിയിട്ടുണ്ട്. എന്നാൽ പാലം

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ് റോഡ് വിഭാഗത്തിന്റെ കീഴിലായതുകൊണ്ട് ഈ വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ ചേർത്തിട്ടില്ല. പ്രസ്തുത റോഡ് മേജർ ഡിസ്ട്രിക്ട് റോഡാക്കി ഉയർത്താനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പ് മേജർ ഡിസ്ട്രിക്ട് റോഡായി ഏറ്റെടുത്താൽ ഈ പാലം പണിയാനുള്ള നടപടി പി.ഡബ്ല്യു.ഡി സ്വീകരിക്കുന്നതാണ്.

(16) പാലക്കാട് ഡിപ്പോയിൽ ഡ്രൈവർമാരുടെ കുറവ് മൂലം സർവ്വീസുകൾ റദ്ദാക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. കെ. ചന്ദ്രൻ : സർ, പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെ കുറവ് മൂലം പ്രതിദിനം പത്തോളം സർവ്വീസുകൾ റദ്ദു ചെയ്തു വരുന്നു. ഇതുമൂലം പാലക്കാട് ജില്ലയിലെ തൃത്താല പോലുള്ള പടിഞ്ഞാറൻ പ്രദേശങ്ങളിൽ വളരെയേറെ പ്രയാസങ്ങൾ യാത്രക്കാർ അനുഭവിക്കുന്നുണ്ട്. ഇവിടെ വിദ്യാർത്ഥികൾ കെ.എസ്.ആർ.ടി.സി. ബസ്സിനെയാണ് യാത്ര ചെയ്യുന്നതിനായി ആശ്രയിക്കുന്നത്. തൃത്താല മേഖലയുമായി ബന്ധപ്പെട്ടു പോകുന്ന പാലക്കാട്-കുറ്റിപ്പുറം സർവ്വീസുകൾ ഡ്രൈവർമാർ ഇല്ലെന്ന കാരണം കൊണ്ട് കുറെ ദിവസങ്ങളായി നിർത്തി വച്ചിരിക്കുകയാണ്. ഈ പ്രയാസം പരിഹരിക്കുന്നതിന് ആവശ്യമായ ഡ്രൈവർമാരെ നിയമിച്ച് ജനങ്ങളുടെ യാത്രാ ദുരിതം പരിഹരിക്കാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, പാലക്കാട് യൂണിറ്റിൽ അനുവദിച്ചിരുന്ന 86 ഷെഡ്യൂളുകൾ പ്രവർത്തിപ്പിക്കാൻ (ഓർഡിനറി ഉൾപ്പെടെയുള്ളത്) നിലവിലുള്ള മാനദണ്ഡമനുസരിച്ച് 237 ഡ്രൈവർമാരാണ് ആവശ്യമായിട്ടുള്ളത്. എന്നാലിപ്പോൾ പാലക്കാട് യൂണിറ്റിൽ 244 ഡ്രൈവർമാരുണ്ട്. ഡ്രൈവർമാരുടെ കുറവ് മൂലം സർവ്വീസ് നിർത്തി വയ്ക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ല. എന്നാൽ ആകസ്മികമായി ഡ്രൈവർമാർ ഹാജരാകാതെ വരുന്ന അവസരത്തിൽ യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്തതും വരുമാനം കുറഞ്ഞതുമായ ചില സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്. ജനുവരി മാസത്തിൽ ആദ്യത്തെ 15 ദിവസം ശരാശരി 75 ഷെഡ്യൂളുകൾ സർവ്വീസ് നടത്തിയിരുന്ന സ്ഥാനത്ത് ഫെബ്രുവരി മാസം 82 ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പാലക്കാട് നിന്നും കുറ്റിപ്പുറത്തേക്ക് രണ്ടു സർവ്വീസുകൾ ഉണ്ട്. അത് നിറുത്തിവച്ചിട്ടുണ്ടോയെന്ന് ഞാൻ പ്രത്യേകം പരിശോധിക്കുകയും അങ്ങനെയുണ്ടെങ്കിൽ അത് ഉടനെതന്നെ തുടങ്ങാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്.

(17) കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. കൂടുതൽ കൂടുതൽ നഷ്ടത്തിലേക്ക് പോകുകയാണ്. വരുമാനവും ചെലവും തമ്മിൽ യാതൊരു പൊരുത്തവുമില്ല. ഈ നിലയിൽ പോകുകയാണെങ്കിൽ ഈ സ്ഥാപനം ലിക്വിഡേഷനിലെത്തിച്ചേരും. ജീവനക്കാർക്കും നാട്ടുകാർക്കും

LIBRARY ARCHIVES Kerala Legislative Assembly.